**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2.** **26/09/2016-ന് മറുപടിക്ക്**

**<u>മാതൃഭാഷയുടെ പ്രാധാന്യം</u>**

**<u>ചോദ്യം</u>**

**ശ്രീ.പി.സി.ജോർജ്**

**<u>ഉത്തരം</u>**

ശ്രീ. പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ ഭരണഭാഷ മാതൃഭാഷയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും അതു പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല എന്ന വസ്തുത സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. |
| (ബി) | 'മലയാളത്തിലെ പ്രാവീണ്യമറിയാൻ പി.എസ്.സി. പോലും ശ്രമിക്കുന്നില്ല എന്നും 10 മാർക്കിനെങ്കിലും മലയാളഭാഷ പ്രാവീണ്യം പരിശോധിക്കാൻ ഉപയോഗിക്കണം' എന്നും 2016 ആഗസ്റ്റ് 12-ന് കേരള പി.എസ്.സി. എംപ്ലോയ്സ് യൂണിയന്റെ 43-ാം സംസ്ഥാന സമ്മേളനം ഉത്ഘാടനം ചെയ്ത് ബഹു.മുഖ്യമന്ത്രി, തിരുവനന്തപുരത്ത് വി.ജെ.റ്റി. ഹാളിൽ പ്രകടിപ്പിച്ച അഭിപ്രായപ്രകാരം നാളിതുവരെ ടി പദ്ധതി നടപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ; | (ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ 10 ചോദ്യങ്ങൾ മലയാളഭാഷയിൽ നിന്നും ഉൾപ്പെടുത്തുവാൻ ബഹു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിക്കുകയും, ഇതു സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിലേക്കായി ഒരു ശിൽപ്പശാല സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി കമ്മീഷൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | മലയാളഭാഷയുടെ വ്യാപനത്തിനും പരിപോഷണത്തിനുമായി കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ നിയമപ്രകാരം, മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി കേരളത്തിലെ വിവിധ വകുപ്പുകളിലും, സെക്രട്ടേറിയറ്റിലും, നിയമസഭയിലും മലയാളഭാഷയിൽ, കുറിപ്പുകളും ഉത്തരവുകളും ഇറക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (സി) | ഇതിനോടകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | നിയമനിർമ്മാണവും, ഭരണ നിർവ്വഹണവും, നീതി നിർവ്വഹണവും പൂർണ്ണമായും മലയാളഭാഷയിലാക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ